# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1926** **4.10.2011 - ൽ മറുപടിക്ക്**

## തുണി മില്ലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. കെ.രാജു | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണമേഖലയിലുമായി എത്ര വീതം തുണി മില്ലുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ ഒൻപത് മില്ലുകളും സഹകരണ മേഖലയിൽ ടെക്സ് ഫെഡിന്റെ കീഴിൽ ഏഴ് മില്ലുകളുമാണുള്ളത്

(ബി) പരുത്തിക്ഷാമം മൂലം ഈ മില്ലുകൾ പ്രവർത്തന സ്തംഭനത്തിലേക്ക് നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) പരുത്തിക്ഷാമം ഉണ്ടായതിനു ശേഷം ഓരോ മില്ലിനും ഒരു മാസം ശരാശരി എത്ര തുക വീതം നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രവർത്തിച്ചു വരുന്ന മില്ലുകളുടെ ശരാശരി പ്രതിമാസ നഷ്ടം ചുവടെ ചേർക്കുന്നു.

1) മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ -43.62 ലക്ഷം
2) എടരിക്കോട് ടെക്സ്റ്റയിൽസ് -47.13 ലക്ഷം,
3) കോട്ടയം ടെക്സ്റ്റയിൽസ് -44.72 ലക്ഷം,
4) പ്രഭുറാം മിൽസ് -31.61 ലക്ഷം,
5) സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ് -15.67 ലക്ഷം,
6) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് -10.15 ലക്ഷം,
7) കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, ചൊവ്വ, കണ്ണൂർ -45 ലക്ഷം,
8) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ ചാത്തന്നൂർ,കൊല്ലം -43 ലക്ഷം,

9) മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം -60 ലക്ഷം

10) മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽ ലിമിറ്റഡ്, മലപ്പുറം -13.02 ലക്ഷം,

11) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ, കായംകുളം -30 ലക്ഷം,

12) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ,വാഴാനി,തൃശ്ശൂർ -70 ലക്ഷം,

13) പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, കോട്ടയം -83 ലക്ഷം.

| | | | |
|---|---|---|---|
| (ഡി) | ഈ മില്ലുകൾക്ക് ആവശ്യമായ പരുത്തി എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ മില്ലുകൾക്ക് ആവശ്യമായ പരുത്തി വാങ്ങുന്നത് ഇതിനായി രൂപീകരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മറ്റി മുഖേനയാണ്. ഈ കമ്മറ്റി മുഖേന മില്ലുകൾക്കാവശ്യമായ പരമാവധി പഞ്ഞിയുടെ ലഭ്യത ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ